**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 99** **15-10-2026-ൽ മറുപടിയ്ക്ക്**

**മുസിരിസ് പൈതൃക പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** മുസിരിസ് പൈതൃക പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സാംസ്കാരിക, വിനോദസഞ്ചാര വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി: മുസിരിസ് പൈതൃക പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടി അനുബന്ധമായി ചേർക്കുന്നു.**

**(ബി)** വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ ക്രൂയിസ് സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**മറുപടി:**

- മുസിരിസ് പദ്ധതിയുടെ പരിധിയിലുള്ള 14 ബോട്ട് ജെട്ടികളെയും ചരിത്രപ്രധാനമായ കേന്ദ്രങ്ങളെയും കോർത്തിണക്കി കയാക്കിംഗ്, വാട്ടർ സ്പോർട്സ് എന്നിവ 2026 ഒക്ടോബർ 4-ന് ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ബോട്ടുകൾ എത്തിച്ചു കൊണ്ട് പുതിയ ക്രൂയിസ് പാക്കേജുകൾ തുടങ്ങുന്നതു പരിഗണനയിലുണ്ട് .
- 100ദിനകർമപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതും മുസിരിസിലെ പൈതൃക സ്ഥാനങ്ങൾ ജലമാർഗം കാണുന്നതിനുള്ള വാട്ടർ ടാക്സികൾ, പറവൂർ വാട്ടർ ടൂറിസം ഹബ് എന്നിവ ആരംഭിച്ചു. ഒക്ടോബർ 4 ന മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു വർഷങ്ങളായി മുടങ്ങിക്കിടന്ന പറവൂർ വാട്ടർ ഫ്രണ്ടിൽ നിന്നുള്ള ബോട്ട് സർവീസ് പുനരാരംഭിച്ചു. മുസിരിസ് പരിധിയിലുള്ള 14 ബോട്ട് ജെട്ടികളെയും കോർത്തിണക്കി കയാക്കിംഗ്, വാട്ടർ സ്പോർട്സ് എന്നിവ പറവൂരിൽ നിന്നും ആരംഭിച്ചു . കോട്ടപ്പുറത്ത് നിന്നു കയാക്കിംഗ്, വാട്ടർ സ്പോർട്സും ഒക്ടോബർ 17 ന ആരംഭിക്കുന്നതാണ്.
- മുസിരിസ് - ആലപ്പുഴ പൈതൃക പദ്ധതി പ്രദേശങ്ങളിൽ വാട്ടർ സ്പോർട്സ് ആക്ടിവിറ്റികളും മറ്റ് വിനോദോപാധികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- പൈതൃക പദ്ധതി പ്രദേശങ്ങളിൽ പി പി പി മോഡലിൽ വിവിധ തരം ബോട്ടുകൾ ഉൾപ്പെടുത്തിക്കൊണ്ട് ക്രൂയിസ് സർവീസുകൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** മുസിരിസിൽ നിന്നുള്ള ബോട്ട് സർവീസുകൾ ആലപ്പുഴയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** മുസിരിസ് മേഖലയിലെ മാതൃകയിൽ ആലപ്പുഴയിലും ഹെറിറ്റേജ് ബോട്ട് സർവീസുകൾ നടത്തുന്നതിനുള്ള പദ്ധതി പരിശോധിച്ചു വരുന്നു.

**(ഡി)** ബോട്ട് ജെട്ടികളും ഷോപ്പിംഗ് കോംപ്ലക്സുകളും കേരളീയ പൈതൃക ശൈലിയിൽ ക്യൂറേറ്റർമാരുടെ മേൽനോട്ടത്തിൽ മനോഹരമായി രൂപകൽപ്പന ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി:** ബോട്ട് ജെട്ടികളും പൈതൃക ടൂറിസം പദ്ധതികളും കേരളീയ പൈതൃക ശൈലിയിൽ ക്യൂറേറ്റർമാരുടെ സഹായത്തോടെ മനോഹരമായി രൂപകൽപ്പന ചെയ്യുന്നത് വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനത്തിന് വിധേയമാക്കുന്നതാണ്.

**(ഇ)** മുസിരിസ് മാതൃകയിൽ കേരളത്തിലെ പൈതൃക-സാംസ്കാരിക കേന്ദ്രങ്ങളെ വിനോദസഞ്ചാര മേഖലയുമായി ഫലപ്രദമായി ഏകോപിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** കേരള തീരത്തെ പ്രാചീന സമുദ്രവ്യാപാര കേന്ദ്രങ്ങളെയും തുറമുഖങ്ങളെയും കോർത്തിണക്കിക്കൊണ്ട് സ്പൈസ് റൂട്ട് പൈതൃക പദ്ധതി എന്ന നിലയിലേക്ക് മുസിരിസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം -1**

## മുസിരിസ് പൈതൃക പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടി

- മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിരവധി വികസന പ്രവർത്തനങ്ങളാണ് കൊടുങ്ങല്ലൂർ പറവൂർ പ്രദേശങ്ങളിലും ആലപ്പുഴയിലും ആസൂത്രണം ചെയ്തു വരുന്നത്. നിലവിലെ മ്യൂസിയങ്ങളായ പാലിയം കോവിലകം നാലുകെട്ട് മ്യൂസിയങ്ങൾ പറവൂർ ജൂതപ്പള്ളി, ചേന്ദമംഗലം ജൂതപ്പള്ളി, സഹോദരൻ അയ്യപ്പൻ സ്മാരക മ്യൂസിയം, കേസരി സ്മാരക മ്യൂസിയം, അബ്ദുൾ റഹ്മാൻ സ്മാരക മ്യൂസിയം, കോട്ടപ്പുറം കോട്ട എന്നിവ കൂടാതെ പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ ടെമ്പിൾ മ്യൂസിയം, ഇസ്ലാമിക് ഹിസ്റ്ററി മ്യൂസിയം, ചേരമാൻ ആക്ടിവിറ്റി സെന്റർ ആർക്കിയോളജി മ്യൂസിയം, ആലപ്പുഴ പോർട്ട് മ്യൂസിയം, ആലപ്പുഴ ലേബർ മൂവ്മെന്റ് മ്യൂസിയം, ആലപ്പുഴ യാൺ മ്യൂസിയം, മാള ജൂത ഫെസ്റ്റിവൽ മ്യൂസിയം, കോട്ടപ്പുറം ലൈഫ് സ്റ്റൈൽ മ്യൂസിയം എന്നിവ രൂപകൽപ്പന ചെയ്ത് നിർമ്മാണം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.
- പറവൂർ പൈതൃക നഗരമായി മാറ്റുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂത തെരുവ്, പറവൂർ മാർക്കറ്റ്, വാട്ടർ ഫ്രണ്ട് തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കും.
- പറവൂർ ജൂതഭവനം, ചേന്ദമംഗലം ജൂതഭവനം, കേശവദേവ് ഭവനം എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് .

- കോട്ടപ്പുറം കോട്ട സൈറ്റ് മ്യൂസിയം, മാള സെമിത്തേരി ഹാർമണി പാർക്ക് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു.
- ഒരു വർഷമായി തകർന്നു കിടന്ന മാള ജൂതപള്ളിയുടെ നവീകരണ പ്രവർത്തനങ്ങൾ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. നിലവിൽ പ്രവൃത്തി അവസാന ഘട്ടത്തിൽ ആണ്.
- പദ്ധതിയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വെണ്ടർ കിയോസ്കുകൾ, EV ചാർജിങ് സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- പറവൂർ തട്ടുകടവ്, കോട്ടപ്പുറം ചിൽഡ്രൻസ് പാർക്ക്, മുസിരിസ് അറൈവൽ സെന്റർ എന്നിവിടങ്ങളിൽ ഡോം തിയറ്റർ വിത്ത് 6 ഡി പ്രൊജക്ഷൻ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.
- പൈതൃക പദ്ധതി പ്രദേശത്തിലെ വിവിധ സ്മാരക മ്യൂസിയങ്ങൾ അല്ലാത്ത കേന്ദ്രങ്ങളിൽ പി പി പി മോഡലിൽ ഡെസ്റ്റിനേഷൻ വെഡിംങ് മാതൃക, നൈറ്റ് ലൈഫ് സ്ട്രീറ്റ്, ഫ്ലോട്ടിംങ് മാർക്കറ്റ്, ലൈറ്റ് ആന്റ് സൗണ്ട് ഷോ, ലേസർ ഷോ പ്രൊജെക്ഷൻ മാപ്പിങ് തുടങ്ങിയവ ഉൾപ്പെടുത്തി വിനോദ സഞ്ചാരിസൗഹൃദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള വരുമാനം പൈതൃക സ്മാരകങ്ങളുടെ പരിപാലനത്തിനായി ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.
- സുഗന്ധവ്യഞ്ജന വ്യാപാര പാതയിലെ പ്രധാന തുറമുഖ നഗരമായിരുന്ന മുസിരിസ്, യുനെസ്കോയുടെ പ്രൊട്ടക്റ്റഡ് കൾച്ചറൽ ലാൻഡ്സ്കേപ്പ് (Protected Cultural Landscape) / ഹെറിറ്റേജ് ട്രേഡ് ഹബ് (Heritage Trade Hub) പദവിയിൽ ഉൾപ്പെടുത്താൻ ഡോസിയർ തയ്യാറാക്കുന്നുണ്ട് . ഇതുമായി ബന്ധപ്പെട്ട

വിദ്യാഭ്യാസ/പഠന പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ സർവകലാശാലകളുമായും കോളേജുകളുമായും സഹകരിച്ച് നടപ്പിലാക്കുന്നതാണ്.

- കേരള ചരിത്രത്തെ അനുഭവിച്ചറിയാൻ അവസരമൊരുക്കിക്കൊണ്ട് മുസിരിസ് വിദ്യാഭ്യാസ ടൂറിസം ആരംഭിച്ചിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേകമായി രൂപകൽപ്പന ചെയ്ത എഡ്യൂ-ടൂർ പ്രോഗ്രാമുകളും ഇന്റേൺഷിപ്പുകളും മുസിരിസ് വിദ്യാഭ്യാസ ടൂറിസത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

ഏകദിന പഠനയാത്ര (1-Day Edu tour): മ്യൂസിയം സന്ദർശനം, ബോട്ട് യാത്ര, ലൈവ് ക്രാഫ്റ്റ് ഡെമോൺസ്ട്രേഷൻ എന്നിവ ഉൾപ്പെടുത്തിയുള്ളതാണ്.

ദ്വിദിന പഠനയാത്ര (2-Day Edu tour)യിൽ മ്യൂസിയം സന്ദർശനങ്ങൾ, പുരാവസ്തു ഉത്ഖനനത്തിൽ പരിശീലനം, കലാപ്രദർശനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സാംസ്കാരിക പരിപാടികളിൽ (Cultural Activities) മുസിരിസിൽ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള AC ഡോർമെടിയിൽ താമസിച്ച് കൊണ്ട് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനാകും.

വിദ്യാർത്ഥികൾക്ക് നൽകുന്ന അനൗപചാരിക വിദ്യാഭ്യാസ മാതൃകയാണ് മുസിരിസ് പദ്ധതിയുടെ ഇന്റേൺഷിപ്പ് പ്രോഗ്രാം. ഇന്റേൺഷിപ്പിൽ വിദ്യാർത്ഥികൾക്ക് പുരാവസ്തു പഠനം പൈതൃകസംരക്ഷണം, പൈതൃകടൂറിസം മ്യൂസിയോളജി, ആർക്കിടെക്ചർ, പരിസ്ഥിതി പഠനം, സാമൂഹികചരിത്രം തുടങ്ങിയ മേഖലകളിൽ പഠിക്കാനും പരിചയപ്പെടുവാനും അവസരം ലഭ്യമാവുകയാണ്.

**സെക്ഷൻ ഓഫീസർ**